ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ ഗൗരവതരമായ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് ജില്ലാ വികസന സമിതിയിൽ പ്രമേയം അവതരിപ്പിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

നബാർഡ് അനുവദിച്ച എസ്.ജി.ആർ.വൈ. പദ്ധതികൾ

206 [2699] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നാദാപുരം നിയോജകമണ്ഡലത്തിലെ കുന്നുമ്മൽ, തൂണേരി ബ്ലോക്കുകളിൽ നബാർഡ് എസ്.ജി.ആർ.വൈ. പദ്ധതി കളിൽപ്പെടുത്തി എത്ര റോഡുകളും പാലങ്ങളും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

എസ്. ജി. ആർ. വൈ. പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ

207 [2700] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജി.ആർ.വൈ. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പാലക്കാട് ജില്ലയിൽ എസ്. ജി. ആർ. വൈ.-യുടെ നിലവിലുള്ള മാനദണ്ഡങ്ങൾ മറികടന്ന് ചില പ്രവൃത്തികൾക്ക് അനുമതി നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്. ജി. ആർ. വൈ. പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് പാലക്കാട് ജില്ലാ വികസന സമിതിയോഗം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള അന്വേഷണമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എസ്.ജി.ആർ.വൈ. പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്:

1. അവിദഗ്ദ്ധരും ശാരീരികാദ്ധ്വാനം ചെയ്യുവാൻ തയ്യാറുള്ളവരുമായ കൂലി തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന ഗ്രാമീണർക്ക് അധിക തൊഴിൽ നൽകുക.

2. ഗ്രാമങ്ങളിലെ പാവപ്പെട്ടവർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്കും മുകളിലുള്ളവർക്കും ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുക.

3. ഈട് നിൽക്കുന്ന പൊതു സാമൂഹ്യ സാമ്പത്തിക ആസ്തികൾ ഉണ്ടാക്കുക.

എസ്.ജി.ആർ.വൈ. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും, മുകളിലുള്ളതുമായ എല്ലാ പാവങ്ങൾക്കും അവരുടെ ഗ്രാമത്തിലും താമസ സ്ഥലത്തിന് സമീപത്തു തന്നെ കായിക അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ താല്പര്യമുള്ളവരും തയ്യാറുള്ളവരുമായവർക്ക് അത്തരം തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. എന്നാൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വർക്കും കഠിന ജോലിയിൽനിന്നും പിൻതിരിക്കപ്പെട്ട ബാലതൊഴിലാളികളുടെ രക്ഷിതാക്കൾക്കും മുൻഗണന നൽകുന്നതാണ്.

എസ്.ജി.ആർ.വൈ-യിൽ ഏറ്റെടുക്കാവുന്ന പണികൾ താഴെ പറയുന്നവയാണ്:

1. മണ്ണ്, ജൗർപ്പം എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ
2. നീർത്തട വികസന പ്രവൃത്തികൾ
3. വനവൽക്കരണം
4. ഗ്രാമതല അടിസ്ഥാന സൗകര്യങ്ങളുടെയും ലിങ്ക് റോഡുകളുടെയും നിർമ്മാണം
5. പ്രൈമറി സ്കൂൾ കെട്ടിടങ്ങൾ
6. ഡിസ്പെൻസറികൾ
7. മൃഗാശുപത്രികൾ
8. വിപണനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ
9. പഞ്ചായത്ത് കെട്ടിടങ്ങൾ
10. പരമ്പരാഗത ജലസ്രോതസ്സുകളുടെ വികസനം.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്ത പണികൾ താഴെ ചേർക്കുന്നു:

1. മതപരമായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ
2. സ്മാരകങ്ങൾ, സ്മരണികകൾ, പ്രതിമകൾ, കമാനങ്ങൾ തുടങ്ങിയവ
3. വലിയ കെട്ടിടങ്ങൾ, വലിയ പാലങ്ങൾ
4. സർക്കാർ ഓഫീസ് കെട്ടിടങ്ങൾ, ചുറ്റുമതിലുകൾ
5. ഹയർ സെക്കന്ററി സ്കൂൾ, കോളേജുകൾ തുടങ്ങിയ കെട്ടിടങ്ങൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഗൗരവതരമായ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് ജില്ലാ വികസന സമിതിയിൽ പ്രമേയം അവതരിപ്പിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് ജില്ലയിലെ റോഡുകൾ

208 [2701] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പടുത്തി കാസർഗോഡ് ജില്ലയിൽ എത്ര റോഡുകൾക്കാണ് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ബ്ളോക്കിലെ ഏതെല്ലാം റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നാണ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചതെന്നും ഗവൺമെന്റിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 2001-02 സാമ്പത്തിക വർഷം പി. എം. ജി. എസ്. വൈ. പദ്ധതിയിൽ 6 റോഡുകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി ആന്റ് സി) കാസർഗോഡ് ബ്ളോക്കിലെ താഴെ പറയുന്ന റോഡുകളുടെ പാക്കേജ് തയ്യാറാക്കി കേന്ദ്രാനുമതിയ്ക്കായി നൽകുന്ന നടപടികൾ പൂർത്തിയാക്കി വരുന്നു:

1. വാവാടുക്കം കൊട്ടോടി റോഡ്
2. പെർളടുക്ക എസ്.കെ.നഗർ കരിപ്പടക്കം റോഡ്
3. പൊവ്വൽ-ചൊക്കമൂല റോഡ്.

LIBRARY ARCHIVES Kerala Legislative Assembly